# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ല - പിറവം ഗ്രാമ പഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ മരണപ്പെട്ട വി.പി.കമലാക്ഷി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 1548/2013/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം, 13/06/2013.**

---

പരാമർശം:- 1) 21.03.2012 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
2) സ.ഉ(സാധാ) നമ്പർ 2562/12/തസ്വഭവ തീയതി 10/09/2012.
3) പഞ്ചായത്ത് ഡയറക്ടറുടെ 20/12/2012 ലെ ഇ9-11891/12 നമ്പർ കത്ത്.

## ഉത്തരവ്

പിറവം ഗ്രാമ പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പറായ ശ്രീമതി .വി.പി. കമലാക്ഷി , 25.05.2005 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുകയും, ആവശ്യമായ അവധി അപേക്ഷകൾ നൽകാതെ 31.10.2009 ൽ സർവ്വീസിൽ നിന്നും പിരിയുകയും അതിന് ശേഷം 16.09.2011 ൽ ആസ്മരോഗം കാരണം മരണപ്പെടുകയും ചെയ്തിരുന്നു. ടിയാളുടെ ഭർത്താവായ ശ്രീ.സി.എസ്.രാജപ്പൻ ബഹു. ഹൈക്കോടതിയിൽ പരാമർശം (1) പ്രകാരം ഒരു അന്യായം ഫയൽ ചെയ്യുകയും അതിൻമേൽ വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനകം ടി പരാതിയിൻമേൽ ടിയാനെ നേരിൽ കേട്ടതിന് ശേഷം അപേക്ഷ പരിഗണിച്ച് തീരുമാനമെടുക്കണമെന്ന് ബഹു. കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. വി.പി.കമലാക്ഷി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 25.05.2005 മുതൽ 31.10.2009 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിന് ടിയാളുടെ ക്രഡിറ്റിൽ അർഹതപ്പെട്ട ആർജ്ജിതാവധി, അർദ്ധവേതനാവധി എന്നിവ അനുവദിച്ച ശേഷം, ടിയാൾ മരണപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അവധി അപേക്ഷയുടെ അഭാവത്തിൽ അവശേഷിക്കുന്ന കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി, തുടങ്ങിയവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ ചട്ടം 88 (iii) ഭാഗം 1 കെ.എസ്.ആർ പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി സൂചന 2 പ്രകാരം ഉത്തരവായിരുന്നു.

സൂചന 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി. വി.പി.കമലാക്ഷി അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 25.05.2005 മുതൽ 31.10.2009 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിന്, ടിയാളുടെ ക്രഡിറ്റിൽ 93 ആർജ്ജിതാവധിയും 70 അർദ്ധവേതനാവധിയും ഉള്ളതിനാൽ 25.05.2005 മുതൽ 25.08.2005 വരെ 93 ആർജ്ജിതാവധിയും 26.08.2005 മുതൽ 03.11.2005 വരെ 70 അർദ്ധവേതനാവധിയും അനുവദിച്ചും, 16.09.2011 ൽ ടിയാൾ മരണപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ അവശേഷിക്കുന്ന 04.11.2005 മുതൽ 31.10.2009 വരെയുള്ള കാലയളവിലേയ്ക്ക് (1458 ദിവസം) ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി, തുടങ്ങിയവയ്ക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ ചട്ടം 88 (iii) ഭാഗം 1 കെ.എസ്.ആർ പ്രകാരം ശൂന്യവേതാനവധിയായി ക്രമവൽക്കരിച്ചും ഉത്തരവ പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**അണ്ടർ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(ശ്രീമതി. വി.പി.കമലാക്ഷിയുടെ സേവന പുസ്തകം സഹിതം ആവശ്യമായ നടപടികൾക്കായി)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി ,പിറവം ഗ്രാമ പഞ്ചായത്ത്.
ശ്രീ.സി.എസ്. രാജപ്പൻ, ചീരക്കാട്ട് ഹൗസ്, എഴക്കരനാട്,പി.ഒ, പുത്തൻ കുരിശ്, എറണാകുളം.
ധനകാര്യ വകുപ്പ് (യു.ഒ നമ്പർ 61209/WW1/12/ധന തീയതി 11.07.2012 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ. എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)